JAGRATHA 86

Vol-3, N0:12
05-03- 2009

***Commission for Social Harmony and Vigilance***

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

(For Private Circulation Only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# വോട്ടർമാർക്ക് ഇന്ത്യയിലെ കത്തോലിക്കാ മെത്രാൻ സമിതി നല്കുന്ന ആഹ്വാനം

(19-02-2009)

**1. ആമുഖം**

ഒരു രാഷ്ട്രത്തിന്റെ ഭാഗധേയം നിർണയിക്കുന്ന നിമിഷങ്ങളുണ്ട്. ഒരു സ്വതന്ത്രരാഷ്ട്രമെന്ന നിലയിൽ നമ്മുടെ പ്രയാണത്തിന്റെ അറുപതിലധികം വർഷങ്ങൾ നാം പിന്നിട്ടിരിക്കുന്നു. ഇപ്പോൾ നാം നമ്മെത്തന്നെ നിർണയിക്കുന്ന ഒരു നിമിഷത്തെ നേരിടുകയാണ്. രാഷ്ട്രത്തിന്റെ സ്ഥാപകപിതാക്കന്മാരുടെ ദർശനത്തെ അനുഗമിക്കാനുള്ള തുടർച്ചയായ ആവശ്യത്തോട് വളരെ വിജയപ്രദമായിത്തന്നെ ഇന്ത്യ പ്രത്യുത്തരിച്ചിട്ടുണ്ട്. സാമൂഹിക പരിവർത്തനത്തിനും ഉദ്ഗ്രഥനത്തിനും സാമ്പത്തിക പുരോഗതിക്കും രാഷ്ട്രീയ പക്വതയ്ക്കും വേണ്ടിയുള്ള നമ്മുടെ നിരന്തരമായ സമരവും ആത്മാർത്ഥമായ സമർപ്പണവും പുതിയ ഉയരങ്ങളിലേക്ക് നമ്മെ കുതിപ്പിച്ചിട്ടുമുണ്ട്. എങ്കിലും, ഒരു രാഷ്ട്രമെന്ന നിലയിലുള്ള നമ്മുടെ പരമാധികാരത്തിനും മതേതരരാഷ്ട്രമെന്ന നിലയ്ക്കുള്ള അനന്യതയ്ക്കും എല്ലാ തലങ്ങളിലും നിന്ന് - ആഗോള, ദേശീയ, പ്രാദേശിക തലങ്ങളിൽ നിന്ന് - കടുത്ത വെല്ലുവിളികൾ നേരിടുന്നുണ്ട്.

സമൂഹഗതിയെ വീണ്ടും നേരെ നയിക്കാനുള്ള ശക്തി നമ്മുടെ തന്നെ കരങ്ങളിലാണ് നിക്ഷിപ്തമായിരിക്കുന്നതെന്ന പൂർണമായ അവബോധത്തോടും ബോധ്യത്തോടും കൂടെ ഞങ്ങൾ നമ്മുടെ രാജ്യത്തിലെ എല്ലാ പൗരന്മാരോടും ആഹ്വാനം ചെയ്യുന്നു. പുതിയൊരു തിരഞ്ഞെടുപ്പിന് നാം ഒരുങ്ങുകയാണല്ലോ. വിവേകപൂർവം ഗുണദോഷങ്ങൾ വിലയിരുത്തി നാം ആഗ്രഹിക്കുന്ന ഒരു രാജ്യത്തിന്റെ രൂപപ്പെടലിന് സഹായിക്കുന്ന പ്രതിനിധികളെ തിരഞ്ഞെടുക്കാൻ ശ്രദ്ധിക്കണം. ഉത്തരവാദിത്വപൂർണവും കണക്കു നല്കുന്നതുമായ ഒരു ഭരണത്തിലൂടെയാണത് അവർ സാധിക്കേണ്ടത്.ഇനിയും പൂർത്തീകരിക്കപ്പെടാത്ത ദൗത്യങ്ങളും നമ്മുടെ ജനങ്ങളുടെ വലിയ ആവശ്യങ്ങളും ആത്മശോധനയ്ക്കു വിധേയമാക്കി ഗൗരവപൂർവം പരിഹരിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

**2. ആദരപൂർവം സംരക്ഷിക്കേണ്ട തത്വങ്ങൾ**

വ്യക്തിയുടെ പ്രാഥമികതയിൽ അധിഷ്ഠിതമാണ് നമ്മുടെ ജനാധിപത്യ സമർപ്പണം. വ്യക്തിയുടെ മഹത്വം, അവകാശങ്ങൾ, സ്വാതന്ത്ര്യം എന്നിവ അലംഘനീയങ്ങളാണ്. അതുപോലെ, പൊതുനന്മ ലക്ഷ്യം വയ്ക്കുന്ന സാമൂഹിക സമർപ്പണവും പ്രധാനപ്പെട്ട കാര്യമാണ്. എല്ലാവ്യക്തികളുടെയും സ്വാതന്ത്ര്യവും സമൂഹത്തിന്റെ മുഴുവൻ നന്മയും ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു ഭരണസംവിധാനം വഴി ഈ പരിപാവനമായ ദൗത്യം നിർവഹിക്കണം. നമ്മുടെ ഈ ലക്ഷ്യം നേടുന്നതിനുള്ള ഉദ്യമങ്ങളിൽ രാഷ്ട്രപിതാവ് നല്കിയ മുദ്രാവാക്യം ഒരു മാർഗനിർദ്ദേശമായി നിലനില്ക്കുന്നു. നാം കണ്ടുമുട്ടിയ ഏറ്റവും പാവപ്പെട്ട, നിസ്സഹായാവസ്ഥയിലുള്ള വ്യക്തിയുടെ മുഖം ഓർക്കുക. എന്നിട്ട് സ്വയം ചോദിക്കുക, നാം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യം, ആ വ്യക്തിയുടെ ജീവിതത്തെയും ഭാഗധേയത്തെയും നിയന്ത്രിക്കുന്ന കാര്യത്തിൽ അയാൾക്ക് എന്തെങ്കിലും നേട്ടമുണ്ടാക്കുമോ?

**3. നമ്മുടെ സാമ്പത്തികാവസ്ഥ**

നമ്മുടെ സാമ്പത്തികതയുടെ ഭാവാത്മകവശങ്ങൾ താഴെച്ചേർക്കുന്നു: വ്യവസായിക - കാർഷികരംഗങ്ങളിലെ വർദ്ധിച്ച ഉത്പാദനം, തൊഴിലിലും വ്യാപാരത്തിലും പെട്ടെന്നുള്ള വളർച്ച, സാങ്കേതിക - ശാസ്ത്രീയ നേട്ടങ്ങൾ, വിദേശക്രയവിക്രയ കരുതിവയ്ക്കലിൽ വർദ്ധന, അനേകർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം, വിവരസാങ്കേതികത്വത്തിന്റെയും ആശയവിനിമയത്തിന്റെയും രംഗങ്ങളിൽ അത്ഭുതാവഹമായ വളർച്ച എന്നിവയാണവ. ഇന്നത്തെ ആഗോള സാമ്പത്തിക മാന്ദ്യത്തിനിടയിലും പൂർവസ്ഥിതി പെട്ടെന്ന് വീണ്ടെടുക്കുന്നതിനുള്ള നമ്മുടെ സാമ്പത്തികതയുടെ കഴിവിനെ പലരും ഭാവാത്മകമായിട്ടാണ് വിലയിരുത്തുന്നത്.

എങ്കിലും, ഇന്ത്യയുടെ വർദ്ധിക്കുന്ന ആഗോളനേട്ടങ്ങളും കുറയുന്ന ആഭ്യന്തരനേട്ടങ്ങളും തമ്മിലുള്ള അസന്തുലിതാവസ്ഥ ഗൗരവപൂർണമായ ഒരു ചോദ്യം ഉണർത്തുന്നുണ്ട്. അമ്പരപ്പിക്കുന്ന തരത്തിലുള്ള കർഷകരുടെ ആത്മഹത്യകൾ, വർദ്ധമാനമായ തോതിലുള്ള തൊഴിലില്ലായ്മ, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ ശതമാനം നിലനില്ക്കുന്നതും വർദ്ധിക്കുന്നതും, സമ്പന്നരും ദരിദ്രരും തമ്മിലുള്ള വലിയ വിടവ് എന്നിവ നമ്മുടെ സാമ്പത്തികാസൂത്രണത്തിന്റെയും പ്രവർത്തനത്തിന്റെയും അസ്വസ്ഥതയുടെ അടയാളങ്ങളാണ്. ബാലവേലയുടെ ശോചനീയമായ രീതിയും പെൺകുട്ടികളെ ഒഴിവാക്കുന്ന പ്രവണതയും വികസനത്തിന്റെ ഒരുവശത്തെക്കുറിച്ചുള്ള ധാരണകൊണ്ട് ആളുകളുടെ ഗ്രാമീണ - പട്ടണ സ്ഥലചലനവും പ്രത്യേക സാമ്പത്തിക മേഖലയുടെ ഉണർവ്വോടെ ഗ്രാമീണജനതയ്ക്കിടയിൽ ഉണ്ടാകുന്ന വർദ്ധിച്ച അസ്വസ്ഥതയും നമ്മുടെ സത്വര ശ്രദ്ധ പതിയേണ്ട കാര്യങ്ങളാണ്. കൂടാതെ, വെള്ളം, വനങ്ങൾ, മിനറൽസ്, നദികൾ എന്നീ സ്വാഭാവിക സ്രോതസ്സുകൾ ഒരു നിയന്ത്രണവുമില്ലാതെ ചൂഷണം ചെയ്യുന്നതുകൊണ്ട്, പരിസ്ഥിതിയിലും ചുറ്റുപാടുകളിലും ഏല്പിക്കുന്ന ആഘാതവും പരിണതഫലങ്ങളും ഭയാനകമാണ്. ആഗോളതാപനം, കാലാവസ്ഥാമാറ്റം എന്നിവ നമ്മുടെ ഈ ചെറിയ ഗ്രഹത്തിന്റെ ജീവസംവിധാന ത്തിലുണ്ടാക്കുന്ന നാശത്തെക്കുറിച്ച് നമുക്ക് മുന്നറിയിപ്പ് നല്കുന്നുണ്ട്.

കിടപ്പാടമില്ലായ്മ, തെറ്റായ ഭരണം, തൊഴിലില്ലായ്മ എന്നിവയോടുള്ള ആളുകളുടെ ന്യായമായ പരാതികളോട് സംവേദകത്വം ഇല്ലാതെ വരുമ്പോൾ സംഘടിത ആക്രമണത്തിലേക്ക് അവർ നീങ്ങുന്നു. അത് തീർച്ചയായും തെറ്റാണ്. എങ്കിലും അക്രമകരങ്ങളായ അത്തരം പ്രതിഷേധങ്ങളെ വെറും ക്രമസമാധാനപ്രശ്നമായിക്കണ്ട് നിഷ്ഠുരശക്തികൊണ്ട് അടിച്ചമർത്തുന്നത് വലിയ ഉത്കണ്ഠക്കു കാരണമാണ്. സാമൂഹികമായി എല്ലാവരെയും ഉൾക്കൊള്ളുമ്പോഴും നേട്ടങ്ങൾ ഏറ്റവും ബലഹീനമായ വിഭാഗങ്ങളിൽ എത്തുമ്പോഴുമാണ് വളരെ പുകഴ്ത്തപ്പെടുന്ന സാമ്പത്തിക വളർച്ചയ്ക്ക് നീതികരണമുണ്ടാകുന്നത്.

**4. നമ്മുടെ പാർലമെന്ററി ജനാധിപത്യത്തിന്റെ യാത്ര**

നമ്മുടെ ദേശീയ പൈതൃകം, പ്രത്യേകിച്ചും നമ്മുടെ ഭരണഘടന, വർഗം, വംശം, മതം, സംസ്കാരം എന്നീ ബഹുത്വരൂപങ്ങളിൽ അധിഷ്ഠിതമാണ്. നമ്മുടെ സംഗ്രഥിതസംസ്കാരത്തിന്റെ സവിശേഷത നാനാത്വമാണ്. ഗുരുതരങ്ങളായ പ്രതിസന്ധികൾ ഉണ്ടായിട്ടും കഴിഞ്ഞ അറുപതു വർഷത്തിലധികം കാലം ഈ അനന്യത നിലനിറുത്താൻ നമുക്ക് കഴിഞ്ഞു. നമ്മുടെ ജനാധിപത്യ സംസ്കാരം അതിന്റെ സ്ഥാപനങ്ങളോടെ നിലനിറുത്തപ്പെടുകയും പ്രോത്സാഹിപ്പിക്കപ്പെടുകയും വേണമെന്നതാണ് നമ്മുടെ ഉറച്ച ബോധ്യം.

നമ്മുടെ ജനാധിപത്യ സ്ഥാപനങ്ങളായ പാർലമെന്റ്, നീതിന്യായവ്യവസ്ഥ, എക്സിക്യൂട്ടീവ്, മീഡിയ എന്നിവയുടെ നല്ല പ്രവർത്തനം സംതൃപ്തിദായകമാണ്. താഴെത്തട്ടിലുള്ള നല്ല പങ്കാളിത്തം തീർച്ചയായും സ്തുത്യർഹമാണ്. പഞ്ചായത്ത് രാജ് നടപ്പാക്കിക്കൊണ്ട് അത് കൂടുതലായി ശക്തമാക്കിയിട്ടുണ്ട്. ഫെഡറൽ ഘടനയും സംസ്ഥാനങ്ങളുടെ അധികാരവും തമ്മിലുള്ള സമതുലനാവസ്ഥയും സാമാന്യം നന്നായി നിലനിറുത്തിപ്പോരുന്നു.

എങ്കിലും, നമ്മുടെ ജനാധിപത്യസ്ഥാപനങ്ങളുടെ പ്രവർത്തനത്തിലുള്ള വിശ്വാസ്യതയിൽ നിരന്തരം കുറവുണ്ടാകുന്നത് അസ്വസ്ഥതാജനകമാണ്. ആവശ്യമില്ലാത്ത വാക്കൗട്ടുകൾ, നിറുത്തിവയ്ക്കൽ എന്നിവ വഴി അസംബ്ലികളും പാർലമെന്റും കൂടെക്കൂടെ തടസ്സപ്പെടുത്തൽ, അവയിൽ അധ്യക്ഷതവഹിക്കുന്ന ആളുകളോടുള്ള അനാദരം, വേണ്ടത്ര ചർച്ച ചെയ്യാതെയും

അറിവില്ലാതെയും ചില ബില്ലുകൾ പാസ്സാക്കൽ, അക്രമരാഷ്ട്രീയം ഇവയെല്ലാം അങ്ങേയറ്റം പരിതാപകരമായ കാര്യങ്ങളാണ്. ക്രമസമാധാനത്തിന്റെ നിരന്തരമായ തകർച്ച, ജനക്കൂട്ടത്തിന്റെ അക്രമം, സ്ഥാപനങ്ങളും സംഘടനകളും കയ്യേറൽ, ജീവൻ, അവകാശങ്ങൾ, സ്വാതന്ത്ര്യം, പൗരന്മാരുടെ സ്വത്തുവകകൾ എന്നിവയോടുള്ള പരിഗണനയില്ലായ്മ എന്നിവ വഴി വർദ്ധിച്ച അരാജകത്വം സൃഷ്ടിക്കൽ, നിയമം നടപ്പാക്കേണ്ട ഏജൻസികളുടെ ഭാഗത്തുനിന്ന് സമയോചിതമായ ഇടപെടൽ ഉണ്ടാകാത്ത അവസ്ഥ എന്നിവയെല്ലാം സമൂഹാവസ്ഥയെ കൂടുതൽ രോഗാതുരമാക്കുന്നു.

**5. നമ്മുടെ സാമൂഹിക – സാംസ്കാരികാവസ്ഥയിലേക്ക് ഒരെത്തിനോട്ടം**

വർഗം, വംശം, മതം, സംസ്കാരം, പ്രാദേശികതലങ്ങൾ എന്നിവയിലെ നാനാത്വം നമുക്ക് ഒരു സമ്മിശ്ര സംസ്കാരം നല്കിയിരിക്കുന്നു. ഒരു രാജ്യമെന്ന നിലയിൽ ന്യായമായ സാമൂഹിക ബന്ധം സ്ഥാപിക്കാൻ അത് നമുക്കിടയാക്കിയിരിക്കുന്നു. ദേശീയ ഉദ്ഗ്രഥനത്തിന് ഇതാവശ്യഘടകമാണ്. നാലായിരത്തിലധികം സമൂഹങ്ങൾക്ക് അവയുടെ വ്യത്യസ്തങ്ങളായ സാമൂഹിക – സാംസ്കാരിക ഗുണലക്ഷണങ്ങളോടെ ഭാരതം വാസഗേഹമാകുന്നു. ദശകങ്ങൾ നീണ്ട ആരോഗ്യകരമായ പ്രതിപ്രവർത്തനങ്ങളിലൂടെ എല്ലാ തലങ്ങളിലും പ്രശംസനീയമായ രീതിയിൽ സാമൂഹിക – സാംസ്കാരിക ഉദ്ഗ്രഥനം നാം നേടിയെടുക്കുകയുണ്ടായി.

അനേകം മതങ്ങളുടെ പിള്ളത്തൊട്ടിലായ നമ്മുടെ രാജ്യം, സത്യം, അഹിംസ, കരുണ, ഭൂതദയ (എല്ലാ ജീവജാലങ്ങളോടും പരിഗണന), മൈത്രി, ജീവിതസുഖഭോഗങ്ങളോട് വിരക്തിയും ലാളിത്യവും, സാമ്പ്രദായിക സമഭാവന (സഹിഷ്ണുതയുടെയും സമാധാനപൂർവ്വകമായ സഹാസ്തിത്വത്തിന്റെയും ചൈതന്യം) എന്നീ ഹൃദയഹാരികളായ മൂല്യങ്ങളുടെ പട്ടിക നല്കുകയുണ്ടായി. ഇവയെ നമ്മുടെ ഭാരതപൈതൃകത്തിന്റെ മുഖമുദ്രയായും അവതരിപ്പിച്ചു. എന്നാൽ, ഇന്ന് ഒരു പ്രത്യേക വംശത്തോടോ പ്രദേശത്തോടോ മതത്തോടോ സ്നേഹവും കാരുണ്യവും ഇല്ലാതെ പ്രവർത്തിച്ചുകൊണ്ട് നമ്മുടെ രാഷ്ട്രത്തിന്റെ അനന്യതയ്ക്കും ഐക്യത്തിനും വലിയ ഭീഷണി മുഴക്കപ്പെടുന്നു. വിദ്വേഷപ്രചരണം, ആളുകളെ ആക്രമിക്കൽ, സംഘടിത ആക്രമണം, അമൂല്യമായ മനുഷ്യജീവന്റെയും പൊതുവസ്തുക്കളുടെയും അനിയന്ത്രിതമായ നശീകരണം എന്നിവയ്ക്കെതിരെ ഉണർന്നു പ്രവർത്തിക്കാനുള്ള സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നുള്ള കാലവിളംബം മർമ്മഭേദകവും നിരാശാജനകവുമാണ്.

തുടരെത്തുടരെയുള്ളതും വ്യാപകവുമായ സമൂഹാക്രമങ്ങൾക്കു കാരണം വർദ്ധിച്ചുവരുന്ന സമൂഹവിടവാണ്. അതുപോലെ നിർബന്ധിത പലായനവും ഇന്ത്യക്കാർ ഇന്ത്യയിൽത്തന്നെ അഭയാർത്ഥികളായി കഴിയേണ്ടിവരുന്ന അവസ്ഥയും മോശമായ ഭരണത്തിന്റെ ഫലങ്ങളാണ്.ബാഹ്യവും ആഗോളപരവുമായ ഭീകരത (അടുത്തകാലത്ത് മുബൈയിൽ ഉണ്ടായതുപോലെ) ദേശീയ സുരക്ഷിതത്വത്തിനും അനന്യതയ്ക്കും സമഗ്രതയ്ക്കും എത്രമാത്രം ഭീഷണമായിരിക്കുന്നവോ അത്ര തന്നെ ഭീഷണിയാണ് ആന്തരിക ഭീകരതയും (ഒറീസ്സയിൽ ക്രിസ്ത്യാനികളുടെ നേരെയുള്ള ക്രൂരതകൾ). അതുപോലെ, ക്രിയാത്മക കലാകാരന്മാർ, വിമർശനാത്മക എഴുത്തുകാർ, ദളിത് നേതാക്കൾ, മാഫിയ സംസ്കാരത്തെ എതിർക്കുന്നവർ തുടങ്ങിയവരോടുള്ള അസഹിഷ്ണുതയും ശക്തമായി എതിർക്കപ്പെടേണ്ടതാണ്.

നമ്മുടെ ജനാധിപത്യത്തിന്റെ ആരോഗ്യപരമായ പ്രവർത്തനത്തെ ബാധിച്ചിരിക്കുന്ന കാൻസർ എല്ലാതലങ്ങളിലും വ്യാപിച്ചിട്ടുള്ള അഴിമതിയെന്ന തിന്മയാണ്. സാമൂഹികസദാചാരത്തിലും പൊതുധാർമ്മികതയിലും അതു സൃഷ്ടിക്കുന്ന അധഃപതനത്തെക്കുറിച്ച് സമൂഹം മുഴുവനും പരസ്യമായി വിലപിക്കുന്നുണ്ട്. അധികാരവും പണവും വിഗ്രഹമാക്കപ്പെടുന്നിടത്ത് ദൈവം ഒഴിവാക്കപ്പെടുന്നു. മനുഷ്യരെ മനുഷ്യത്വത്തിന്റെ അതിർവരമ്പുകളിലേക്കും ഒതുക്കുന്നു. അതുവഴി സദാചാരപരവും ധാർമ്മികവുമായ മൂല്യങ്ങൾ തകിടം മറിയുന്നു.

**6. വരുന്ന തിരഞ്ഞെടുപ്പിൽ നമ്മുടെ കടമ**

നമ്മുടെ രാഷ്ട്രത്തിന്റെ അവസ്ഥയെക്കുറിച്ചുള്ള ഈ പൊതുവീക്ഷണത്തിനുശേഷം ഞങ്ങൾക്ക് സഹ പൗരന്മാരോട് നടത്തുവാനുള്ള ആത്മാർത്ഥമായ ആഹ്വാനമിതാണ്:

**വോട്ടർ പട്ടികയിൽ തന്റെ പേരുണ്ടെന്ന് ഓരോ പൗരനും ഉറപ്പാക്കുക - താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പാക്കുമെന്ന് ബോധ്യമുള്ള പാർട്ടിക്ക്/സ്ഥാനാർത്ഥിക്ക് തന്റെ വോട്ടുവകാശം ഉപയോഗിക്കുമെന്നും നിശ്ചയിക്കുക.**

- നമ്മുടെ മതേതരത്വപരവും ജനാധിപത്യപരവുമായ സമർപ്പണം സംരക്ഷിക്കുകയും വളർത്തുകയും ചെയ്യും. ഇന്ത്യയുടെ ഭരണഘടനയുടെ ഉപോദ്ഘാതത്തിന്റെയും വകുപ്പുകളുടെയും അക്ഷരത്തോടും ചൈതന്യത്തോടും സത്യസന്ധരായിരിക്കും. പാർട്ടിയുടെയോ വിഭാഗീയതയുടെയോ പ്രേരണാശക്തിക്ക് വശംവദരാകാതെ ഇത് ചെയ്യും. മതേതരത്വം എന്നാൽ എല്ലാ മതങ്ങളെയും തുല്യമായി കാണുന്നതാണ്. നിരീശ്വരത്വം അംഗീകരിക്കുന്നില്ല.
- മതപരവും വംശപരവും സാംസ്കാരികവും ഭാഷാപരവുമായ സമർപ്പണത്തിൽ നിലനില്ക്കും.
- അടിസ്ഥാന മാനുഷികാവകാശങ്ങൾ ശക്തിപ്പെടുത്തുന്ന കാര്യത്തിൽ ഒന്നിച്ചുനില്ക്കും. സ്വാതന്ത്ര്യം, തുല്യത, നീതി, നമ്മുടെ രാജ്യത്തിന്റെ ഭരണഘടനയുടെ ഹൃദയസ്ഥാനത്ത് പ്രതിഷ്ഠിച്ചിരിക്കുന്ന ന്യൂനപക്ഷാവകാശങ്ങൾ എന്നിവ സംരക്ഷിക്കും. സഭയുടെ നടത്തിപ്പിനുള്ള ന്യായമായ അവകാശവും സ്വാതന്ത്ര്യവും അംഗീകരിക്കും.
- നമ്മുടെ നാട്ടിൽനിന്ന് ദാരിദ്ര്യവും നിരക്ഷരത്വവും പൂർണമായി ഒഴിവാക്കുന്നതിന് സ്വയം സമർപ്പിക്കും. ഒരു സമയബന്ധിതപദ്ധതിയോടെ ദരിദ്രരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും സർവതോന്മുഖമായ പുരോഗതിക്ക് ഉയർന്ന പ്രാമുഖ്യം നല്കി പ്രവർത്തിക്കും. നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം എല്ലാവർക്കും നല്കുവാൻ പരിശ്രമിക്കും.
- എല്ലാ പൗരന്മാർക്കും അടിസ്ഥാനാവശ്യങ്ങൾ - കുടിവെള്ളം, പാർപ്പിടം, ആരോഗ്യപരിപാലനം, അക്ഷരജ്ഞാനം, ഗതാഗതസൗകര്യം തുടങ്ങിയവ - പെട്ടെന്നും വേണ്ടരീതിയിലും നടപ്പാക്കും.
- എല്ലാ കുട്ടികൾക്കും സ്കൂളിൽ പോകാൻ വേണ്ട പ്രചോദനവും ദരിദ്രരായ മാതാപിതാക്കൾ തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസകാര്യങ്ങൾ ശ്രദ്ധിക്കാൻ വേണ്ട സാമ്പത്തിക സുരക്ഷിതത്ത്വവും നല്കി ബാലവേല ഇല്ലാതാക്കും.
- നമ്മുടെ ജനാധിപത്യ സ്ഥാപനങ്ങളിലെല്ലാം - പൗരപരവും ഭരണപരവുമായ തലങ്ങളിലും - ഉചിതമായ നിയമസഹായവും നീതി നിർവഹണസഹായവും നല്കിക്കൊണ്ട് ലിംഗതുല്യത ഉയർത്തിപ്പിടിക്കും.
- ഷെഡ്യൂൽഡ് കാസ്റ്റിൽ പിറന്നവർ ക്രൈസ്തവരാകുന്നതിന്റെ പേരിൽ, വിവേചനം പാടില്ല; പ്രത്യേകിച്ചും 1950-ലെ പ്രസിഡൻഷ്യൽ ഓർഡർ പ്രകാരം അവരുടെ അതേ സാമൂഹികാവസ്ഥയിൽപ്പെട്ടവർക്കൊപ്പം തുല്യഅവകാശങ്ങളും സംവരണവും ആവശ്യപ്പെടുമ്പോൾ.
- ജീവിക്കാനുള്ള അവകാശം, അതിന്റെ എല്ലാ ഘട്ടങ്ങളിലും, അടിസ്ഥാന മനുഷ്യാവകാശമായി സർവശക്തിയോടും കൂടെ സംരക്ഷിക്കും. ഗർഭച്ഛിദ്രം, ദയാവധം എന്നിവയ്ക്കെതിരേ നിലകൊള്ളും.
- ഭരണഘടനാപരമായ വകുപ്പുകളും ഉറപ്പുകളും ഒപ്പം സംസ്ഥാനനിയമങ്ങളും കർശനമായി പാലിച്ചുകൊണ്ട് സാമൂഹിക താളാത്മകത വളർത്തും. വിഭജനവും വിദ്വേഷവും വളർത്തുന്ന സാഹിത്യത്തിനും പ്രചാരണപരിപാടികൾക്കും രാഷ്ട്രീയത്തിന്റെയും പോലീസിന്റെയും ഉദ്യോഗസ്ഥമേധാവിത്വത്തിന്റെയും പ്രതിരോധശക്തിയുടെയും വർഗീയവത്കരണങ്ങൾക്കും എതിരേ ഉടനടി തടയൽ നടപടിയും രക്ഷാപരമായ നടപടിയും സ്വീകരിക്കും.
- തങ്ങൾ തിരഞ്ഞെടുത്ത പ്രതിനിധികൾ നിഷ്ക്രിയരും അഴിമതിക്കാരും വൈയക്തിക സത്യസന്ധത പുലർത്താത്തവരും ആകുമ്പോൾ അവരെ തിരിച്ചുവിളിക്കാനുള്ള അവകാശത്തിനായി വോട്ടർമാരെ ശക്തീകരിക്കുക.
- കുറ്റകൃത്യങ്ങളുടെ റിക്കാർഡും പശ്ചാത്തലവും ഇല്ലാത്തവരെയും യുവജനങ്ങൾ, സ്ത്രീകൾ, പ്രത്യേകിച്ച് ദരിദ്രർ, പാർശ്വവത്കരിക്കപ്പെട്ടവർ എന്നിവരോട്, ഹൃദയംഗമമായ ശ്രദ്ധയുമുള്ള സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുകയും പ്രോത്സാഹിക്കുകയും ചെയ്യുക.

ജനാധിപത്യത്തിലൂടെയുള്ള നമ്മുടെ യാത്രയിൽ, നമ്മുടെ പൗരന്മാരിൽ പ്രത്യാശയും തീക്ഷ്ണതയും വീണ്ടും ഉജ്ജ്വലിപ്പിക്കുക വളരെ ആവശ്യമാണ്. നമുക്ക് എന്തുമാത്രം വിയോജിപ്പുണ്ടെങ്കിലും ഒരാളെപ്പോലും തഴയാനോ എഴുതിത്തള്ളാനോ നാം അനുവദിക്കരുത്. നല്ല ഉദ്ദേശ്യത്തോടുകൂടിയ വിശ്വാസം തെറ്റുകുറ്റങ്ങളെ പരിഹരിക്കുവാൻ പോന്നതാണ്. സഹിഷ്ണുതയാലും അംഗീകാരത്താലും അനുരഞ്ജനചൈതന്യത്താലും പക്വതയാർന്ന സത്യത്തോടും നീതിയോടുമുള്ള സമർപ്പണം ആവശ്യമായ ഊർജ്ജത്തെ പുറപ്പെടുവിക്കുവാൻ എല്ലാവരെയും സഹായിക്കും; നമ്മുടെ നാടിന്റെ പുനർനിർമ്മാണം തുടരാനുള്ള ഒരു നവീകൃതസമർപ്പണം അതുവഴി സാധിക്കുകയും ചെയ്യും.

തുറന്ന ചർച്ചയുടെ സംസ്കാരമാണ് നാം പരിപോഷിപ്പിക്കേണ്ടത്. തർക്കവിഷയങ്ങളിൽപ്പോലും മുൻവിധികളില്ലാത്തതും ആദരപൂർവകവുമായ ചർച്ച ഉണ്ടാകണം. വലിയ വെല്ലുവിളിയുടെയും അവസരത്തിന്റെയും നിമിഷമാണിത്. പാർട്ടി താത്പര്യങ്ങൾക്കപ്പുറം പൊതുനന്മയ്ക്കായി പ്രവർത്തിക്കുന്ന, ആളുകളെ ഒന്നിപ്പിക്കുന്ന, ഒരു ഭരണത്തിൽ നമുക്ക് ശ്രദ്ധ കേന്ദ്രീകരിക്കാം. വെല്ലുവിളി എത്ര വലുതും സാഹചര്യം എത്ര കഠിനവും ആകട്ടെ, മാറ്റം എപ്പോഴും സാധ്യമാണ്. അതിനായി നാം അധ്വാനിക്കാൻ തയ്യാറാകണം. സർവോപരി, അതിൽ വിശ്വസിക്കണം. എങ്കിൽ മാറ്റം സുനിശ്ചിതം. ഹൃദയത്തിൽ ഉറച്ച തീരുമാനമെടുത്തുകൊണ്ട്, നമുക്ക് പ്രതിജ്ഞ ചെയ്യാം: നാനാത്വത്തിൽ ഏകത്വം ആദരിക്കും. നമ്മുടെ രാജ്യത്തിലെ ഏറ്റവും ചെറിയവനും അവസാനത്തവനുമായ പൗരന്റെ നന്മ നമ്മുടെ മാനദണ്ഡവും ആരംഭസ്ഥാനവും ആയിരിക്കും. നമ്മുടെ രാഷ്ട്രപിതാവിന്റെ ദർശനമായിരുന്നല്ലോ അത്. അതു തന്നെയായിരിക്കട്ടെ നമ്മുടെയും ലക്ഷ്യം.
പ്രസിദ്ധീകരിക്കുന്നത്:

**Archbishop Stanislaus Fernandes,** CBCI Secretary General
Archbishop's House, Sector 8, Gandhinagar-382008, Gujarat, India

ചെയ്യാവുന്നത്
(1) ഓരോ ബിഷപ്പിനും ഇടയലേഖനമായി ഈ ആഹ്വാനം തന്റെ അജഗണത്തിന് നല്കാം
(2) ഇടവക വികാരിമാർക്കും വിഭിന്ന സഭാത്മക - സെക്കുലർ സ്ഥാപനങ്ങളുടെ തലവന്മാർക്കും തങ്ങളുടെ പരിധിയിൽ വരുന്ന വോട്ടർമാർക്ക് ഈ ആഹ്വാനം വിശദീകരിച്ചുകൊടുക്കാം.

## 27.02.2009-ൽ കൂടിയ കെ.സി.ബി.സി. യോഗതീരുമാനങ്ങൾ

**1. സി.ബി.സി.ഐ. പുനഃസംഘടന**
ഭാരത കത്തോലിക്കാ മെത്രാൻ സമിതി പുനഃസംഘടിപ്പിക്കുന്ന സാഹചര്യത്തിൽ കെ.സി.ബി.സി. നല്കേണ്ട തീരുമാനങ്ങളെക്കുറിച്ചാണ് യോഗം ചർച്ചചെയ്തത്. ഭാരതത്തിൽ ലത്തീൻ, സീറോമലബാർ, സീറോ മലങ്കര എന്നീ വ്യക്തിഗതസഭകൾ നിലനിൽക്കുന്നതു കൊണ്ട് സി.ബി.സി.ഐ.യും കെ.സി.ബി.സി. യും വ്യക്തിഗത സഭകൾക്ക് അതീതമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടാൽ മതിയെന്ന് സി.ബി.സി.ഐ. നിർദ്ദേശിച്ചിരുന്നു. സിബി.സി.ഐ.യുടെ പുതിയ ഘടനയെക്കുറിച്ചുള്ള കെ.സി.ബി.സി. നിർദ്ദേശങ്ങൾ സി.ബി.സി.ഐ. ഭാരവാഹികൾക്ക് സമർപ്പിക്കും.
**2. നിയമ പരിഷ്കരണ കമ്മീഷൻ ശുപാർശകൾ അംഗീകരിക്കാനാവില്ല**
കേരള സംസ്ഥാന നിയമപരിഷ്കരണ കമ്മീഷന്റെ ശുപാർശകളായ രണ്ടിൽ കൂടുതൽ മക്കളുള്ളവർക്ക് അവകാശങ്ങൾ നിഷേധിക്കാനും ദയാവധം അനുവദിക്കാനും, ആത്മഹത്യ കുറ്റകരമാണെന്ന വ്യവസ്ഥ എടുത്തുകളയാനുമുള്ള തീരുമാനങ്ങൾ കേരളത്തിലെ കത്തോലിക്കാ സഭയ്ക്ക് ഒരിക്കലും അംഗീകരിക്കാനാവില്ലെന്ന് കെ.സി.ബി.സി. വ്യക്തമാക്കി. ക്രൈസ്തവസഭകളുടെ സ്വത്തും സാമ്പത്തിക കാര്യങ്ങളും കൈകാര്യം ചെയ്യാൻ ട്രസ്റ്റ് രൂപവത്കരിക്കാനും, മേൽനോട്ടത്തിന് കമ്മീഷണറെ നിയമിക്കാനുമുള്ള നീക്കങ്ങളും അപ്രസക്തമാണ്. അവയും അംഗീകരിക്കാനാവില്ല. കേരള ക്രിസ്തീയ വിവാഹനിയമം, ക്രിസ്തീയ ദത്ത് നിയമം എന്നിവയിലെ പല വ്യവസ്ഥകളും ക്രൈസ്തവർക്ക് അംഗീകരിക്കാനാവില്ല. മാർച്ച് 21-ാംതീയതി രൂപതകളിലെ കാനോൻ നിയമപണ്ഡിതരുടെയും നിയമപണ്ഡിതന്മാരുടെയും യോഗം വിളിച്ച് ചേർത്ത് നിയമ പരിഷ്കരണ കമ്മീഷന്റെ ശുപാർശകളെക്കുറിച്ച് സംസ്ഥാന തലപഠനം നടത്തും.

**3. ചോദ്യപേപ്പറിലൂടെയുള്ള ക്രൈസ്തവ അധിക്ഷേപം പ്രതിഷേധാർഹം**

ടെക്നിക്കൽ ഹയർ സെക്കൻഡറി വാർഷിക പരീക്ഷയിലെ ഹ്യുമാനിറ്റിസ് പേപ്പറിലെ രണ്ട് ചോദ്യങ്ങൾ ക്രൈസ്തവസഭയെ അധിക്ഷേപിക്കുന്ന രീതിയിൽ അവതരിപ്പിച്ചിരിക്കുന്നത് പ്രതിഷേധാർഹമാണെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതി അഭിപ്രായപ്പെട്ടു. പാഠപുസ്തക പരിഷ്കരണത്തിലൂടെ തുടങ്ങിവച്ച ഈശ്വരവിശ്വാസികൾക്കെതിരേയുള്ള നീക്കം ഇടതുപക്ഷ സർക്കാരിന്റെ വിദ്യാഭ്യാസവകുപ്പ് തുടർന്നു കൊണ്ടുപോകുന്നതിന്റെ സൂചനയാണ് ചോദ്യപേപ്പറിലെ ക്രൈസ്തവ അധിക്ഷേപത്തിലൂടെ വ്യക്തമായിരിക്കുന്നത്. കേരളത്തിലെ വിദ്യാഭ്യാസസംസ്കാരം പടുത്തുയർത്തുന്നതിലും ഇപ്പോൾ വിദ്യാഭ്യാസമേഖലയിൽ നിർണായകമായ സേവനം കാഴ്ചവയ്ക്കുന്നതിലും മുമ്പിൽ നില്ക്കുന്ന ക്രൈസ്തവസഭയെ താറടിക്കുവാനുള്ള നിരീശ്വരവാദ പ്രത്യയശാസ്ത്രവക്താക്കളുടെ ഗൂഢശ്രമം അപലപനീയമാണ്.

**4. വിദ്യാഭ്യാസപ്രശ്നങ്ങൾ**

കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്ത്, സഭാസ്ഥാപനങ്ങൾ ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് മെത്രാൻ സമിതി ചർച്ച ചെയ്തു. പ്രശ്നങ്ങളെ ഒറ്റക്കെട്ടായി നേരിടുമെന്ന് പ്രഖ്യാപിച്ചു. സർക്കാരുമായി ധാരണയായ കോളേജുകളെക്കാളുപരി, മെറിറ്റടിസ്ഥാനത്തിലും സുതാര്യമായും, പാവപ്പെട്ടവർക്ക് സ്കോളർഷിപ്പ് നല്കിയും നടത്തുന്ന ക്രൈസ്തവസഭാസ്ഥാപനങ്ങളുടെ അഫിലിയേഷൻ, കുട്ടികളുടെ പരീക്ഷ, പ്രൊമോഷൻ, പുതിയ കോഴ്സുകൾ തുടങ്ങിയവ തടയാൻ നടത്തുന്ന ചില യൂണിവേഴ്സിറ്റികളുടെ നയങ്ങൾ തിരുത്തണമെന്ന് സമിതി ആവശ്യപ്പെട്ടു.

**5. പി.എസ്സ്.സി. നിയമനം**

പി.എസ്സ്.സി. നിയമനത്തിൽ ക്രൈസ്തവർക്ക് ആനുപാതികമായ പ്രാതിനിധ്യം ലഭിക്കുന്നില്ല എന്ന് സഭ നടത്തിയ ചില സാമൂഹികപഠനങ്ങളിൽ വ്യക്തമായിട്ടുണ്ട്. പി.എസ്സ്.സി. നിയമനത്തിന്റെ പ്രാതിനിധ്യം, സാമൂഹികവശങ്ങൾ എന്നിവയെക്കുറിച്ച് ശാസ്ത്രീയമായി പഠിക്കാൻ കാഞ്ഞിരപ്പിള്ളി രൂപതാ മെത്രാൻ മാർ മാത്യു അറക്കലിനെ കെ.സി.ബി.സി. ചുമതലപ്പെടുത്തി.

**6. നാടാർ സമുദായത്തിന് സംവരണം**

നാടാർ സമുദായത്തിന് സംവരണം നല്കുന്നതിനെക്കുറിച്ച് സഭ നേരത്തേ ആവശ്യപ്പെട്ടതാണ്. പല മേഖലകളിലും പിന്നോക്കം നില്ക്കുന്ന ഈ സമുദായത്തിന്റെ ഉന്നമനത്തിനായി സംവരണം നല്കാൻ സർക്കാരിനോട് ആവശ്യപ്പെടാൻ കേരള കത്തോലിക്കാ മെത്രാൻ സമിതി തീരുമാനിച്ചു.

**7. ഫാ. സെബാസ്റ്റ്യൻ തേക്കാനത്ത് ജീസസ്സ് ഫ്രട്ടേർണിറ്റി സ്റ്റേറ്റ് ഡയറക്ടർ**

എറണാകുളം-അങ്കമാലി അതിരൂപതാ അംഗം ഫാ. സെബാസ്റ്റ്യൻ തേക്കാനത്തിനെ ജീസസ്സ് ഫ്രട്ടേർണിറ്റിയുടെ സംസ്ഥാന ഡയറക്ടറായി കെ.സി.ബി.സി. നിയമിച്ചു. കേരളത്തിലെ ജയിലുകളിൽ ശുശ്രൂഷ നടത്തുന്ന കെ.സി.ബി.സി.യുടെ സാമൂഹിക സേവനവിഭാഗത്തിന്റെ കീഴിലുള്ള പ്രധാന ഡിപ്പാർട്ടുമെന്റാണ് ജീസസ്സ് ഫ്രട്ടേർണിറ്റി.

* * *